(സി) ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാല താമസത്തിന് കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) 24-4-1995-ലെ മന്ത്രിസഭായോഗം കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ പട്ടികയിലുള്ള ലിസ്റ്റ് III-ൽ (ഏ.ബി.സി.) ''ഈഴവ''രോടൊപ്പം ''ഈഴുവൻ'' തുടങ്ങിയ വിഭാഗങ്ങളെ ബ്രാക്കറ്റിൽ ചേർത്ത് ലിസ്റ്റ് ഭേദഗതി ചെയ്യുന്നതിന് പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ആരായാൻ തീരുമാനിച്ചു. (സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതി ആവശ്യമാണ്.) ഇക്കാര്യത്തിൽ കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്. കമ്മീഷനിൽനിന്ന് മറുപടി ലഭിച്ചിട്ടില്ല.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് നടപടി

8 [1089] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) എ-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ തൽക്കാലം നടപടികളൊന്നും തുടരുന്നില്ല.

സർക്കാർ ജീവനക്കാർക്ക് ഫുൾ പെൻഷൻ ലഭിക്കുന്നതിന് കാലയളവ്

9 [1090] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഫുൾ പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലയളവ് കുറയ്ക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വർഷമായി കുറവു ചെയ്യുന്നതിനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്രട്ടറിയേറ്റിൽ കാണാതായ ഫയലുകൾ

10 [1091] ശ്രീ. വി. കേശവൻ:
,, എം. നാരായണൻ:
,, എ. പ്രഭാകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ചാർജ്ജ് എടുത്തതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ചീഫ് സെക്രട്ടറിയ്ക്കയച്ച എത്ര ഫയലുകളിൽ തീരുമാനം എടുത്തിട്ടുണ്ട്;

(ബി) എത്ര ഫയലുകൾ തിരിച്ചയച്ചു;

(സി) ചീഫ് സെക്രട്ടറിക്ക് അയച്ചിട്ട് തിരിച്ചയയ്ക്കാത്ത വിവിധ ഡിപ്പാർട്ടുമെന്റുകളിലെ എത്ര ഫയലുകളാണ് കാണാതായതെന്ന് പറയാമോ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ, ബി ആൻഡ് സി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ സ്വത്തുവിവരം

11 [1093] ശ്രീ. കെ. പ്രകാശ് ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-6-1991 മുതൽ 22-2-1996 വരെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്നവർ പുതിയതായി സ്വത്ത് ആർജ്ജിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്വത്തുക്കളുടെ ഉറവിടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ നിലവിലുള്ള നിയമമനുസരിച്ച് സമ്പാദിച്ച സ്വത്തുവിവരം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി ആൻഡ് സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly